പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3609 | 08.11.2019 ൽമറുപടിയ്ക്ക്

## വാഹൻ സംവിധാന സോഫ്റ്റ് വെയർ

| ചോദ്യം<br>ശ്രീ. വി.ടി.ബൽറാം | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാന മോട്ടോർ വാഹന വകുപ്പ് കേന്ദ്രീകൃത സോഫ്റ്റ് വെയറായ വാഹൻ സംവിധാനത്തിലേക്ക് മാറുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയി ക്കുമോ; | (എ) | സംസ്ഥാനത്തെ മോട്ടോർ വാഹന വകുപ്പ് കേന്ദ്രീകൃത സംവിധാനമായ വാഹൻ & സാരഥി (പരിവാഹൻ) സോഫ്റ്റ് വെയറിലേക്ക് മാറുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. 01.01.2019 മുതൽ പുതിയ ലേണേഴ്സ് ലൈസൻസ്, ഡ്രൈവിംഗ് ലൈസൻസ് മുതലായവ സാരഥി വഴിയും 01.04.2019 മുതൽ പുതിയ വാഹനങ്ങളുടെ താൽക്കാലിക രജിസ്ട്രേഷൻ, സ്ഥിര രജിസ്ട്രേഷൻ തുടങ്ങിയവ വാഹൻ മുഖേനയുമാണ് ചെയ്യുന്നത്. പഴയ സോഫ്റ്റ് വെയറായ സ്മാർട്ട് മൂവിൽ നിന്നും ഡ്രൈവിംഗ് ലൈസൻസുകളുടെയും വാഹന ങ്ങളുടെയും ഡാറ്റ പരിവാഹനിലേക്ക് മാറ്റപ്പെടുന്നതോടുകൂടി പുതിയ സംവിധാനം പൂർണ്ണമായി നിലവിൽ വരുന്നതാണ്. |
| (ബി) | ഇതിനോടനുബന്ധിച്ച് നടപ്പിലാക്കുന്ന പരിഷ്കാരങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടു ത്താമോ; | (ബി) | വാഹൻ വരുന്നതോടുകൂടി വാഹന സംബന്ധമായ മിക്കവാറും സർവ്വീസുകൾ പൂർണ്ണമായും ഓൺലൈൻ ആയി പൊതുജന ങ്ങൾക്ക് ലഭ്യമാകും. പ്രധാന ഗുണങ്ങൾ താഴെ പറയുന്നു.<br>1. താൽക്കാലിക രജിസ്ട്രേഷൻ, നികുതി അടവ്, രജിസ്ട്രേഷൻ പർട്ടിക്കുലേഴ്സ്, പെർമിറ്റുകൾ തുടങ്ങിയവ പൂർണ്ണമായും ഓൺലൈൻ ആയി ചെയ്യുവാൻ കഴിയുന്നു.<br>2. വാഹന നമ്പരിനുള്ള റിസർവ്വേഷനും ലേല നടപടികളും പൂർണ്ണമായി ഓൺലൈൻ മുഖാന്തിരം ചെയ്യപ്പെടുന്നു. ഇത് വളരെയേറെ സുതാര്യവും, ഓഫീസിൽ ലേലത്തിനായി വരുക എന്നുള്ള ബുദ്ധിമുട്ട് ഒഴിവാക്കുന്നതുമാണ്.<br>3. പുതിയ രജിസ്ട്രേഷൻ, രജിസ്ട്രേഷൻ പുതുക്കൽ, ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, ആൾട്ടറേഷൻ തുടങ്ങിയ സർവ്വീസുകൾ ഫീസ്/നികുതി തുടങ്ങിയവ ഓൺലൈൻ മുഖാന്തിരം അടയ്ക്കുവാൻ കഴിയുന്നു. വാഹന പരിശോധനയ്ക്കായി മാത്രം വാഹനം ഹാജരാക്കുവാൻ വേണ്ടി ഓഫീസിലോ ഗ്രൗണ്ടിലോ എത്തിയാൽ മതിയാകും.<br>4. ഓൾ ഇന്ത്യ ടൂറിസ്റ്റ് പെർമിറ്റിന് നിലവിൽ തിരുവനന്തപുരം സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിയിൽ അപേക്ഷിക്കുക യും സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിയിൽ നിന്ന് പെർമിറ്റ് തിരികെ അയച്ചുകൊടുക്കുകയും വേണമായിരുന്നു. വാഹനിൽ പൂർണ്ണമായും ഓൺലൈൻ ആയി തന്നെ |

| | | | |
|---|---|---|---|
| | | | പെർമിറ്റ് പ്രിന്റ് എടുക്കുവാൻ കഴിയുന്നു.<br>5. വാഹനിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന വാഹനങ്ങളുടെ വിവരങ്ങൾ മൊബൈൽ ആപ് ആയ എംപരിവാഹൻ, ഡിജിലോക്കർ എന്നിവയിൽ ലഭ്യമാകുന്നു.<br>6. വാഹനം കൈമാറ്റം ചെയ്യപ്പെടുമ്പോൾ, ഓൺലൈൻ ആയി വാഹനം വിറ്റ ആളും വാങ്ങിയ ആളും ചേർന്ന് അപേക്ഷ സമർപ്പിക്കുകയും രണ്ട് പേരുടേയും ഒ.റ്റി.പി. വിജയകരമായി പരിശോധിച്ചതിനു ശേഷം ഫീസ് ഒടുക്കുവാൻ സാധിക്കുന്നു.<br>7.സാരഥി പൂർണ്ണമായി നടപ്പാക്കുന്നതോടു കൂടി അപേക്ഷകൻ ലൈസൻസ് പുതുക്കുന്നതിനായി ഓഫീസിൽ ഹാജരാകേണ്ടതില്ല. |
| (സി) | നാലക്കങ്ങളിൽ കുറവ് വരുന്ന വാഹന നമ്പരുകളുടെ ഇടതുവശത്ത് പൂജ്യം കൂടി ചേർത്ത് നാലക്കമാക്കേണ്ടതുണ്ടോ; വ്യക്തമാക്കാമോ; | (സി) | വാഹനിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന വാഹനങ്ങളുടെ രജിസ്ട്രേഷൻ നമ്പരിൽ അവസാന ഭാഗത്തുള്ള നമ്പർ 1000 -ൽ താഴെയാണെങ്കിൽ ഇടതു വശത്ത് ആവശ്യമായ പൂജ്യങ്ങൾ കൂടി ചേർത്ത് നാല് അക്കമായി ആണ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തി വരുന്നത്. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന അതേ രീതിയിൽ തന്നെയാണ് നിയമാനുസൃതമായി നമ്പർ പ്ലേറ്റിലും രേഖപ്പെടുത്തേണ്ടത്. |
| (ഡി) | നിലവിലുള്ള എല്ലാ വാഹനങ്ങളുടെയും വാഹന നമ്പരുകളിൽ ഇപ്രകാരമുള്ള മാറ്റം വരുത്തേണ്ടതുണ്ടോയെന്ന് അറിയിക്കുമോ? | (ഡി) | നിലവിലുള്ള എല്ലാ വാഹനങ്ങളുടെയും ഡാറ്റ ഘട്ടം ഘട്ടമായി വാഹനിലേക്ക് മാറ്റപ്പെടുന്നതാണ്. ഇങ്ങനെ മാറ്റപ്പെടുമ്പോൾ നാഷണൽ സ്റ്റാന്റേർഡ് ആയി വാഹനിലെ നമ്പർ രീതിയിലേക്ക് രജിസ്ട്രേഷൻ നമ്പരുകളിൽ അധികമായി പൂജ്യം ചേർക്കേണ്ടി വരുന്നു. ഇത്തരം വാഹനങ്ങൾക്ക് ഏതെങ്കിലും സർവ്വീസുകൾ ചെയ്തു കഴിയുമ്പോൾ വാഹനിലെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ ലഭ്യമാകുമ്പോൾ അതനുസരിച്ച് നമ്പർ പ്ലേറ്റിലും മാറ്റങ്ങൾ അനിവാര്യമായിവരുന്നതാണ്. HSRP നമ്പർ പ്ലേറ്റുകളും വാഹൻ രീതിയിലാണ് വിഭാവനം ചെയ്തിരിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**